# പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഒക്ടോബർ 9, ബുധൻ

**നമ്പർ 154**

രാവിലെ 09.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

തൃശ്ശൂർപൂരം അലങ്കോലപ്പെട്ട സംഭവത്തിൽ ജ്യുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കേണ്ട സാഹചര്യം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഉപക്ഷേപം ചർച്ചയ്ക്കെടുക്കാവുന്നതാണെന്ന് മുഖ്യമന്ത്രിയ്ക്കുവേണ്ടി തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി അറിയിച്ചതിനെത്തുടർന്ന് ഉപക്ഷേപം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് പരിഗണിക്കുന്നതാണെന്ന് സ്പീക്കർ അറിയിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ മുൻഗണനാ റേഷൻ കാർഡുകളുടെ മസ്റ്ററിംഗിനുള്ള സമയപരിധി ദീർഘിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ഇ. കെ. വിജയൻ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്ത് നാലു വർഷ ഡിഗ്രി കോഴ്സ് നടപ്പിലാക്കിയത് മൂലം ഉന്നത വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങളിലേയ്ക്ക് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഉന്നത വിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 1314/2024.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. വി.ഡി. സതീശൻ | ശബരിമലയിൽ മണ്ഡല - മകരവിളക്ക് കാലത്ത് സ്പോട്ട് ബുക്കിംഗ് ഒഴിവാക്കാനുള്ള തീരുമാനം | ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 2. | ശ്രീ. രമേശ് ചെന്നിത്തല | ഇടുക്കിയിലെ ഒറ്റമരം മുതൽ ഗ്യാപ് റോഡ് വരെയുള്ള കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3. | ശ്രീ. പി. ടി. എ. റഹീം | മാവൂർ ഗ്വാളിയർ റയൺസിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലത്ത് പുതിയ സംരംഭം | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. പി ചിത്തരഞ്ജൻ | ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി | ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. ഇ. ചന്ദ്രശേഖരൻ | അജാനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി | ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6. | ശ്രീ. കെ.വി. സുമേഷ് | കല്ലൂരിക്കടവ് പാലം നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7. | ശ്രീ. വി. ജോയി | വണ്ടിപ്പുര ഹൗസിംഗ് നഗർ പദ്ധതി | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി |
| 8. | ശ്രീ. എം. വിജിൻ | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9. | ശ്രീ. സനീഷ്കമാർ ജോസഫ് | ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ | ബഹു. ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |
| 10. | ശ്രീ. യു.എ. ലത്തീഫ് | കെട്ടിടങ്ങൾക്കു മുകളിൽ ഷീറ്റ് വിരിക്കുന്നത് ക്രമവൽക്കരിക്കുന്നതിന് നടപടി | ബഹു. തദ്ദേശസ്വയംഭരണം-എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>നിയമനിർമ്മാണകാര്യം</u> :

(i) <u>2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും</u> :

മുഖ്യമന്ത്രിയ്ക്ക് വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു.

2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1എ ഭേദഗതി ശ്രീ. സനീഷ്കമാർ ജോസഫ് അവതരിപ്പിച്ചു സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2ബി ഭേദഗതി ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ചു സംസാരിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും തുടർന്ന് 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി XIV- ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തു)

<u>നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച :</u>

“നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ചു സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. കെ. പ്രേംകുമാർ

ശ്രീമതി കെ. കെ. രമ

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. എം. രാജഗോപാലൻ

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ നടപടികൾ നിർത്തിവയ്ക്കൽ ഉപക്ഷേപത്തിന് മറുപടി നൽകി.

ഉപക്ഷേപം സഭ തള്ളി.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

<u>നിയമനിർമ്മാണകാര്യം (തുടർച്ച)</u>

2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ അവതരിപ്പിച്ച ദിവസം തന്നെ പാസ്സാക്കുന്നതിലേക്കായി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1) താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ഉപക്ഷേപം സഭ അംഗീകരിച്ചു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ അവതരിപ്പിച്ചു. പ്രസ്തുത ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപവും അവതരിപ്പിക്കപ്പെട്ടു. തുടർന്ന് 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും അവതരിപ്പിച്ച ഭേദഗതികൾ തള്ളുകയും ഭേദഗതി കൂടാതെ ബിൽ സഭ പാസ്സാക്കുകയും ചെയ്തു.

2024 ഒക്ടോബർ 10- ാം തീയതി, വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 2.58- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Twelfth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, October 9, 2024*

**English version**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

Shri Thiruvanchoor Radhakrishnan and five other members had given a notice for moving an adjournment motion regarding the situation to declare a judicial enquiry on the disruption of Thrissur Pooram. On behalf of the Chief Minister, the Minister for Local Self Governments, Excise and Parliamentary Affairs expressed willingness to discuss the motion, and the Speaker granted permission to move the adjournment motion and announced that the motion would be taken up at 12.00 noon.

*Calling Attention :*

1. Shri E. K. Vijayan called the attention of the Food and Civil Supplies Minister to the necessity to extend the time limit for mustering of the Priority Ration cards in the state. The Minister for Food and Civil Supplies made a statement in this regard.

2. Prof. Abid Hussain Thangal called the attention of the Minister for Higher Education and Social justice to the problems reported to have faced by the Higher Education sector in the State due to the implementation of Four-Year degree Course. The Minister for Higher Education and Social justice made a statement in this regard.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below :

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. വി.ഡി. സതീശൻ | ശബരിമലയിൽ മണ്ഡല - മകരവിളക്ക് കാലത്ത് സ്പോട്ട് ബുക്കിംഗ് ഒഴിവാക്കാനുള്ള തീരുമാനം | ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 2. | ശ്രീ. രമേശ് ചെന്നിത്തല | ഇടുക്കിയിലെ ഒറ്റമരം മുതൽ ഗ്യാപ് റോഡ് വരെയുള്ള കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3. | ശ്രീ. പി. ടി. എ. റഹീം | മാവൂർ ഗ്വാളിയർ റയൺസിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലത്ത് പുതിയ സംരംഭം | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. പി ചിത്തരഞ്ജൻ | ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി | ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. ഇ. ചന്ദ്രശേഖരൻ | അജാനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി | ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6. | ശ്രീ. കെ.വി. സുമേഷ് | കല്ലൂരിക്കടവ് പാലം നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7. | ശ്രീ. വി. ജോയി | വണ്ടിപ്പുര ഹൗസിംഗ് നഗർ പദ്ധതി | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി |
| 8. | ശ്രീ. എം. വിജിൻ | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9. | ശ്രീ. സനീഷ്കുമാർ ജോസഫ് | ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ | ബഹു. ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |
| 10. | ശ്രീ. യു.എ. ലത്തീഫ് | കെട്ടിടങ്ങൾക്കു മുകളിൽ ഷീറ്റ് വിരിക്കുന്നത് ക്രമവൽക്കരിക്കുന്നതിന് നടപടി | ബഹു. തദ്ദേശസ്വയംഭരണം-എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി |

The ministers made the statement regarding the respective issue.

*Legislative Business :*

(I) Introduction and Motion for reference to Subject Comittee of The Non-Resident Keralites' Welfare (Amendment) Bill, 2023 :

On behalf of Chief Minister, the Minister for Law, Industries and Coir Shri P. Rajeeve introduced The Non-Resident Keralites' Welfare (Amendment) Bill, 2023 and moved the motion that the Bill be referred to Subject Committee-XIV on Home Affairs.

Shri Saneesh Kumar Joseph moved 1A amendment to circulate the The Non-Resident Keralites' Welfare (Amendment) Bill, 2023 for eliciting public opinion. Shri K. Ansalan moved 2B amendment for referring the bill to

a Select Committee and spoke. After the reply by Minister for Law, Industries and Coir, the amendments moved were withdrawn by the leave of the House. Then the Motion was adopted and the Bills were referred to Subject Committee XIV.

(The motion for adjournment of the assembly was taken for consideration.)

*Discussion on Adjournment Motion*

Shri Thiruvanchoor Radhakrishnan moved the following motion and spoke:

“The House do now adjourn.”

The following Members took part in the discussion:

Shri Kadakampally Surendran

Shri A. P. Anilkumar

Shri P. Balachandran

Shri Anoop Jacob

Shri K. Premkumar

Smt K. K. Rema

Shri Ahammad Devarkovil

Shri M. Rajagopalan

Shri Najeeb Kanthapuram

Shri A. C. Moideen

Shri V. D. Satheesan, Leader of opposition.

Minister for Co-opeartion, Ports and Devaswoms Shri V. N. Vasavan replied to the points raised during discussion.

The motion moved was declared lost.

Protesting the Government's stance, Members of the opposition parties staged a walked out.

*Legislative Business (Continuation) :*

Shri P. Rajeeve, Minister for Law, Industries and Coir moved a motion to take into consideration and pass The Kerala Repealing and Saving Bill, 2024 on the date of introduction itself without referring to the Subject Committee by suspending Rule 76 (1). The House adopted the motion.

Shri P. Rajeeve, Minister for Law, Industries and Coir introduced The Kerala Repealing and Saving Bill, 2024 and moved a motion that the Bill be taken for consideration. The Bill was taken up for clause by clause consideration. The House adopted the motion moved by Minister for Law, Industries and Coir and passed the Bill without accepting moved amendments.

The House adjourned at 2.58 p.m. to meet again at 9.00 a.m on Thursday, October 10, 2024.

DR. N. KRISHNA KUMAR,

*Secretary.*